പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2893 **29-10-2026-ൽ മറുപടിയ്ക്ക്**

തീരദേശ ഹൈവേ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള തീരദേശ ഹൈവേ പദ്ധതി വെറും ഇരുപത്തിയാറ് കിലോമീറ്ററായി ചുരുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ബാക്കി തൊണ്ണൂറ്റിയാറ് ശതമാനം റീച്ചുകളുടെയും നിർമ്മാണവും ഭൂമിയേറ്റെടുക്കലും മരവിപ്പിച്ചുവെന്ന് പറയുന്ന വാർത്തയുടെ വാസ്തവം വ്യക്തമാക്കാമോ;

മറുപടി: നിലവിൽ തീരുമാനിച്ചിട്ടില്ല .

(ബി) തീരദേശ ഹൈവേ പദ്ധതിയുടെ ഭൂമിയേറ്റെടുക്കലും ഭൂരിഭാഗം റീച്ചുകളിലെയും നിർമ്മാണവും നിർത്തിവയ്ക്കാൻ കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള ഭരണപരമായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: കിഫ്ബിയുടെ 58-ാമത് ബോർഡ് യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരുന്ന റീച്ചുകളിലെ പ്രവൃത്തികളും, ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയായതും അന്തിമഘട്ടത്തിൽ എത്തി നിൽക്കുന്നതുമായ റീച്ചുകളിലെ പ്രവൃത്തികളും തുടരുന്നതിനും, നിലവിൽ ഭൂമിയേറ്റെടുക്കൽ നടപടികളിൽ കാര്യമായ പുരോഗതി കൈവരിക്കാത്ത റീച്ചുകളിലെ പ്രവൃത്തികൾ ഇനിയൊരു ഉത്തരവുണ്ടാകുന്നതു വരെ താത്കാലികമായി നിർത്തിവയ്ക്കുന്നതിനുമുള്ള നിർദ്ദേശമാണ് പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB-ക്ക് നൽകിയിട്ടുള്ളത്.

(സി) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച് അതിരുകല്ലുകൾ സ്ഥാപിച്ചതിനെത്തുടർന്ന് ഭൂമി വിൽക്കാനോ പണയം വെയ്ക്കാനോ പുതിയ വീട് നിർമ്മിക്കാനോ കഴിയാതെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി നഷ്ട്ടപ്പെടുന്നവർക്ക് RFCT-LARR-Act 2013 (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement) പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. ഇതിനുപുറമെ, തീരദേശ ഹൈവേ പദ്ധതിക്കായി സ്ഥലം നഷ്ടപ്പെടുന്നവർക്ക് പ്രത്യേക പുനരധിവാസപാക്കേജും 10.03.2023 ലെ G.O. (Ms)No.50/2023/RD, പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശ രേഖകൾ ഇല്ലാത്തവരേയും പ്രത്യേക പുനരധിവാസപാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ

സാമൂഹ്യാഘാത പഠനവുമായി ബന്ധപ്പെട്ട് നടത്താറുള്ള പൊതുഹിയറിങ്ങിനോട് അനുബന്ധിച്ചും, സ്ഥലമേറ്റെടുപ്പിന്റെ മറ്റു ഘട്ടങ്ങളിലും പൊതുജനങ്ങൾക്കു വ്യക്തമായി വിശദീകരിച്ചുകൊടുക്കാറുമുണ്ട്.

(ഡി) തീരദേശ ഹൈവേ പദ്ധതിയുടെ സർവേ, അലൈൻമെന്റ് നിർണ്ണയം, ഡി.പി.ആർ. തയ്യാറാക്കൽ, കൺസൾട്ടൻസി ഫീസ് എന്നിവയ്ക്കായി ഇതുവരെ ഖജനാവിൽ നിന്ന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: തീരദേശ ഹൈവേ പദ്ധതിയുടെ സർവ്വേ, അലൈൻമെന്റ് നിർണയം ഡി.പി.ആർ തയ്യാറാക്കൽ, കൺസൾട്ടൻസി ഫീസ് എന്നിവയ്ക്കായി താഴെ വിവരിക്കുന്ന പ്രകാരം തുക ചിലവഴിച്ചിട്ടുണ്ട്.

(1)ഇൻവെസ്റ്റിഗേഷൻ - Rs. 1,01,24,941/-

(2)അതിർത്തി കല്ലിടൽ - Rs. 5,09,63,304/-

(3)ഡി.പി.ആർ & കൺസൾട്ടൻസി – Rs. 11,29,07,862/-

(4)കൺസൾട്ടൻസി – Rapid EIA – Rs. 26,47,525/-

(ഇ) തീരദേശ പാത പദ്ധതി നിലച്ചാൽ എത്ര തുക സംസ്ഥാന ഖജനാവിന് നഷ്ടം വരുമെന്ന് വ്യക്തമാക്കാമോ;

മറുപടി: നിലവിൽ തീരുമാനിച്ചിട്ടില്ല

(എഫ്) പദ്ധതി ഉപേക്ഷിക്കുകയോ മരവിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, വിജ്ഞാപനം ചെയ്ത ഭൂമി ഔദ്യോഗികമായി ഡിനോട്ടിഫൈ ചെയ്ത് ഭൂവുടമകളുടെ ബാധ്യത ഒഴിവാക്കുമോ; അതല്ലെങ്കിൽ ഏറ്റെടുക്കൽ നടപടികൾ തുടർന്ന് ഇവർക്ക് വാഗ്ദാനം ചെയ്ത നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും എപ്പോൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

മറുപടി: തീരദേശ ഹൈവേ പദ്ധതിയുമായി ബന്ധപ്പെട്ട് പിരിവ് (എ) യിൽ പരാമർശിച്ച പ്രകാരമുള്ള റീച്ചുകളിലെ പ്രവൃത്തികളുമായി മുന്നോട്ടു പോകുന്നതിന് നിലവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) നിലവിൽ കാസർകോട്, കോഴിക്കോട്, കൊല്ലം ജില്ലകളിലെ റീച്ചുകളുടെയും കാസർകോട് വലിയപറമ്പ് പാലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇവ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മറുപടി: കൊല്ലം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ തീരദേശ ഹൈവേ പദ്ധതിയുടെ പുരോഗതി **അനുബന്ധമായി** ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

ജില്ല	റീച്ച്	പേര്	നീളം (Km)	നിലവിലെ പുരോഗതി
കൊല്ലം	R1	കാപ്പിൽ മുതൽ തങ്കശ്ശേരി ബീച്ച് വരെ	18	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. 14.50 Km നീളത്തിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്
	R2	തങ്കശ്ശേരി ബീച്ച് മുതൽ നീണ്ടകര വരെ	7.2	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.
	R3	ഇടപ്പള്ളികോട്ട മുതൽ അഴീക്കൽ വരെ	17	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രദേശവാസികളുടെ എതിർപ്പിനാൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല
കോഴിക്കോട്	R1	കടലുണ്ടികടവ മുതൽ മഠത്തിൽ പാടം വരെ	5.7	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.
	R2	ബേപ്പൂർ പാലം	1.2	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 11 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.
	R3	BC റോഡ് ജംഗ്ഷൻ മുതൽ കോദി പാലം വരെ	6.5	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.
	R4	ഫ്രാൻസിസ് റോഡ് (കോദി ബീച്ച് മുതൽ പുതിയാപ്പ ഹാർബർ വരെ)	8.6	ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് അലൈൻമെൻറ് അന്തിമമാക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു
	R5	പുതിയാപ്പ ഹാർബർ മുതൽ പുതിയനിരത്ത് ബീച്ച് വരെ	0.5	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 11 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.
	R6	പുതിയനിരത്ത് ബീച്ച് മുതൽ കോരാപ്പുഴ പാലം വരെ	3.5	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.
	R7	കോരാപ്പുഴ പാലം	1	പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്
	R8	കോരാപ്പുഴ പാലം	11	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 4(1)

		മുതൽ കൊയിലാണ്ടി ഹാർബർ വരെ		നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.
	R9	കൊയിലാണ്ടി ഹാർബർ മുതൽ മുത്തായം ബീച്ച് വരെ	6.6	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.
	R10	മുത്തായം ബീച്ച് മുതൽ കോടിക്കൽ വരെ	4.5	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു
	R11	കോടിക്കൽ മുതൽ കൊളാവിപ്പാലം വരെ	7.8	ടെൻഡർ നടപടികൾ പൂർത്തിയാക്കി 22.08.2026-ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.
	R12	കൊളാവിപ്പാലം മുതൽ കോട്ടക്കൽകടവ് വരെ	2.9	ടെൻഡർ നടപടികൾ പൂർത്തിയാക്കി 22.08.2026-ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.
	R13	കുഞ്ഞാലിമരക്കാർ പാലം	1	പ്രവൃത്തിയുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
	R14	സാൻഡ് ബാങ്ക് മുതൽ പൂഴിത്തല വരെ	14	കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടില്ല
കാസർഗോഡ്	R-1	വലിയപറമ്പ പാലം	0.4	പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.
	R-2	വലിയപറമ്പ പാലം മുതൽ പന്നിക്കുന്ന് വരെ	40	സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.